**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1103** — 05-03-2018 -ൽ മറുപടിക്ക്

## ദുരന്ത ആഘാത ലഘൂകരണ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഇ.പി.ജയരാജൻ**<br>**ശ്രീ. പി.ടി.എ. റഹീം**<br>**ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. ഒ. ആർ. കേളു** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തെ ദുരന്തനിവാരണ അതോറിറ്റിയെ കൂടുതൽ കാര്യക്ഷമമായും അതിദ്രുതമായും ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനും, രക്ഷാപ്രവർത്തനവും ദുരന്ത ആഘാത ലഘൂകരണ പ്രവർത്തനവും നടത്താൻ പ്രാപ്തമാക്കുന്നതിനും ഉദ്ദേശിക്കുന്ന നവീകരണം എന്തെല്ലാമാണ്; | എ) | ഓഖി ദുരന്തത്തിന് ശേഷം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ രമൺ ശ്രീവാസ്തവ ഐ.പി.എസ് (Rtd), Advisor to Chief Minister അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. അംഗീകൃത ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ Civil Defence Force, Police, Fire and Rescue Services എന്നിവർക്ക് ശേഷം സവിശേഷ പ്രതികരണത്തിന് ഉദ്ദേശിക്കപ്പെട്ട് രൂപീകരിച്ച State Disaster Response Force സേനയുടെ പൂർണ്ണ പ്രവർത്തനത്തിന് ഉതകുന്ന രീതിയിൽ വിശദമായ ശുപാർശ നൽകുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ NAVIC, 500 മത്സ്യ ബന്ധനയാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു.<br>കേരളത്തിന്റെ തീരദേശത്ത് അതിർത്തി വിട്ട് 1500 km വരെ ഈ സംവിധാനത്തിലൂടെ വിവരം ISRO-INCOIS നേരിട്ട് മത്സ്യ തൊഴിലാളികൾക്ക് ലഭ്യമാക്കും. കടലിൽ പോകുന്ന അവസരത്തിലും, തിരികെ വരുന്ന അവസരത്തിലും അതാത് തീരത്ത് മത്സ്യ തൊഴിലാളികളുടെ ഹാജർ വക്കുവാനായി ഒരു മൊബൈൽ അപ്ലിക്കേഷൻ NIC യുമായി ചേർന്ന് തയ്യാറാക്കി വിജയകരമായി പരീക്ഷിച്ചു. |

| | | | |
|---|---|---|---|
| | | | വിവിധ ഘട്ടങ്ങളിലായി ജില്ല ദുരന്ത നിവാരണ അതോറിറ്റികൾക്ക് 5.8 കോടി രൂപ വിവിധ പ്രവർത്തികൾക്കായി സംസ്ഥാന അതോറിറ്റി നൽകിയിട്ടുണ്ട്. വിവിധ ജില്ല ദുരന്ത നിവാരണ അതോറിറ്റികളിൽ 10 വിഷയ വിദഗ്ധരെ നിയമിച്ചു. |
| ബി) | അതോറിറ്റി നടത്തുന്ന ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏതൊക്കെ വിധത്തിലുള്ളതാണെന്ന് അറിയിക്കാമോ; ക്രൈസിസ് മാനേജ്മെന്റ് കൂടാതെ വരൾച്ച വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനായുള്ള സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതികൾ വിശദമാക്കാമോ; | ബി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ദുരന്ത ലഘൂകരണ പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| സി) | മുൻവർഷമുണ്ടായ വരൾച്ചയുടെ ഫലമായി കുടിവെള്ളം, കൃഷി മൃഗസംരക്ഷണ മേഖല എന്നിവയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിരുന്നത് എത്രയായിരുന്നെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട സഹായം എത്രയായിരുന്നെന്നും ഇതിനായി എത്ര തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചെന്നും അറിയിക്കാമോ; | സി) | മുൻവർഷമുണ്ടായ വരൾച്ചയുടെ ഫലമായി കുടിവെള്ളം, കൃഷി മൃഗസംരക്ഷണ മേഖല എന്നിവയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയതും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട സഹായം സംബന്ധിച്ച വിവരങ്ങളും അനുബന്ധം II ആയി ചേർക്കുന്നു.<br>കേന്ദ്ര സർക്കാർ 125.47 കോടി രൂപ ധനസഹായമായി അനുവദിക്കുന്നത് അംഗീകരിച്ചിട്ടുണ്ട്. |
| ഡി) | ഓഖി ദുരന്ത ലഘൂകരണത്തിനായി ആവശ്യപ്പെട്ട അടിയന്തര സഹായമെത്രയായിരുന്നു; എത്ര തുക ലഭ്യമായി; വിശദമാക്കാമോ? | ഡി) | ഓഖി ദുരന്ത ലഘൂകരണത്തിനായി 431 കോടി രൂപ അടിയന്തിര സഹായമായി ആവശ്യപ്പെട്ടു. 133 കോടി രൂപ ലഭിച്ചു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -I

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ദുരന്ത ലഘൂകരണ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാദ്ധ്യതകൾ കുറയ്ക്കുവാനായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതു നിർദ്ദേശങ്ങൾ സൃഷ്ടിക്കുകയും സമയോചിതമായി പുതുക്കുകയും ചെയ്യുന്നു.
- പ്രാദേശിക തലത്തിൽ, പഞ്ചായത്തുകളെ കേന്ദ്രീകരിച്ച ദുരന്ത സാധ്യത ലഘൂകരണ പരിശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു
- ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ ദുരന്ത ലഘൂകരണത്തിനായി ആവശ്യമായ അവബോധം നൽകുന്നു
- സംസ്ഥാന-ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും, കേരളത്തിലെ ദുരന്ത പ്രതികരണ-പ്രതിരോധ-തയ്യാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേതിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുന്നു.
- ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്തു സ്ഥാപിച്ചിട്ടുണ്ട്.
- സംസ്ഥാന അടിയന്തിരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports Functions Plan), ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പരിഷ്കരിക്കുന്നു.
- സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു.
- ദീർഘകാല ദുരന്ത പുനർനിർമാണ പ്രക്രിയയിൽ ആവശ്യമായ അറിവ് ലഭ്യമാക്കുകയും ആവശ്യാനുസരണം നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

  സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല, സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതിക വിദ്യ എന്നീ മുന്നറിയിപ്പ് സംവിധാനങ്ങളും കേന്ദ്ര സർക്കാരിന്റെയും UNDP യുടെയും സഹായത്തോടുകൂടി നടന്നുവരുന്ന സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതിയും നടത്തുന്നു. വരൾച്ച പ്രതിരോധ പദ്ധതികളായ ജലവർഷിണി, മഴപൊലിമ, വാട്ടർ കിയോസ്കുകൾ,

പ്രാദേശിക വസ്തുക്കൾ കൊണ്ട് നിർമിച്ച ചെറു തടയണകൾ എന്നിവ നടപ്പാക്കുകയും മുല്ലപെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി, സംസ്ഥാന അഗ്നിശമന സേന ശാക്തീകരണം, കഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം, ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി, വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനം (ഓപ്പറേഷൻ അനന്ത) എന്നിവ നടത്തുന്നു. കൂടാതെ ദുരന്ത ലഘൂകരണ പരിശീലനങ്ങൾ, മോക്ക് ഡ്രില്ലുകൾ എന്നിവ നടത്തുന്നു. കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ദുരന്ത ലഘൂകരണ വിവര സംവേദനത്തിനായി ലഘുലേഖകൾ തയ്യാറാക്കുകയും, സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ ശാക്തീകരണം, ദുരന്ത വിവര സംവേദന സാങ്കേതിക വിദ്യയുടെ വികസനവും പരിപാലനവും, ദുരന്ത ലഘൂകരണ മുന്നൊരുക്കങ്ങൾ, 'സുരക്ഷിത കേരളത്തിനായി മുന്നേറാം' എന്ന ആപ്തവാക്യത്തിലൂന്നിയുള്ള സെമിനാറുകൾ, ദുരന്ത ലഘൂകരണ പരിശീലനങ്ങൾ, ഭിന്നശേഷിയുള്ള വ്യക്തികളുടെ ദുരന്ത പ്രതികരണ ശാക്തീകരണം, അന്തർദേശീയം ദുരന്ത ലഘൂകരണ ദിനാഘോഷം, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിന്റെ ആധുനിക വിവര സംവേദനം ദുരന്ത തീരുമാന സാങ്കേതിക വിദ്യ വികസനം, ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്ക് - ദുരന്ത പ്രതികരണത്തിനായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവര ശേഖരണം, ദേശീയ അടിയന്തിരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം, പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ദുരന്ത ലഘൂകരണ ശാക്തീകരണ സഹായം, സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ശാക്തീകരണം എന്നീ സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തി വരുന്നു.

## അനുബന്ധം -II

| Sl. No. | Sector | Amount |
|---|---|---|
| 1 | Drinking Water Supply through tankers | 521.5 |
| 2 | Establishing 5000 litre water tanks (Water Kiosks) | 30 |
| 3 | Cost of urgent repair and augmentation of drinking water supply | 34.38 |
| 4 | Repair of hand pumps, bore wells and tube wells | 98.91 |
| 5 | Agricultural losses – input subsidy (Agriculture Department) | 42.98 |
| 6 | Cost of emergent relief measures (Agriculture Department) | 2.335 |
| 7 | Agricultural losses – input subsidy (VFPCK) | 13.9 |
| 8 | Cost of emergent relief measures (VFPCK) | 1.4 |
| 9 | Cost of feed concentrate (Animal Husbandry) | 34.17 |
| 10 | Cost of dry fodder (Animal Husbandry) | 19.5 |
| 11 | Cost of green fodder (Animal Husbandry) | 9.8 |
| 12 | Cost of medicine (Animal Husbandry) | 2.8 |
| 13 | Cost of water supply (Animal Husbandry) | 0.36 |
| 14 | Cost of dry fodder (Dairy Development) | 97.7 |
| 15 | Cost of green fodder (Dairy Development) | 11 |
| 16 | Fisheries sector | 2.24 |
| 17 | Community assets – Water infrastructure repair & augmentation | 53.64 |
| 18 | Community assets – Cleaning of water sources | 14.9 |
| 19 | Dousing forest fire | 0.98 |
| Grand total<br>Nine hundred and ninety two crore fifty lakhs only | | **992.5** |